LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എല്ലാ വിഭാഗങ്ങളിലും ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കും ബാധകമായ പൊതുമാനദണ്ഡങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ് ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി നൽകുന്നത്. പട്ടികവിഭാഗക്കാർക്ക് മാത്രമായി ഇക്കാര്യത്തിൽ പ്രത്യേക വ്യവസ്ഥകളൊന്നും നിശ്ചയിച്ചിട്ടില്ല. ടി പദ്ധതി പ്രകാരം അപേക്ഷിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനം 4.50 ലക്ഷം രൂപയാണ്.

(ബി) 24-5-1999-ലെ ജി.ഒ(പി)12/99/ഉപേവ നമ്പർ ഉത്തരവ് പ്രകാരമാണ് വരുമാന പരിധി ഏർപ്പെടുത്തിയത്. പ്രസ്തുത ഉത്തരവ് പ്രകാരം നിശ്ചയിച്ച കുടുംബ വാർഷിക വരുമാനത്തുകയായ 1.50 ലക്ഷം രൂപ 2002-ൽ 3 ലക്ഷം രൂപയായും 2010-ൽ 4.50 ലക്ഷം രൂപയായും സർക്കാർ വർദ്ധിപ്പിച്ചുട്ടുണ്ട്. വരുമാനപരിധി ഏർപ്പെടുത്തിയ 24-5-1999-ലെ ഉത്തരവിന്റെയും അത് 4.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ച 12-4-2010-ലെ ഉത്തരവിന്റെയും പകർപ്പുകൾ യഥാക്രമം അനുബന്ധം ആയി I, II ചേർത്തിട്ടുണ്ട്.*

(സി) പരിഗണനയിലില്ല.

വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള ഉത്തരവ്

104(2356) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ 31-3-2006 വരെ കുടിശ്ശികയായിട്ടുള്ള സംഘങ്ങളുടെ വായ്പ തുകയും പലിശയും എഴുതിതള്ളുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

12-11-2009-ൽ സ.ഉ.(അച്ചടി)നമ്പർ 100/2009/പജപവവിവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായധനം

105(2357) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്സി./എസ്ടി. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപയുടെ സഹായധനമാണ് നൽകിയത് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) ഇതിൽ മലപ്പുറം മണ്ഡലത്തിൽ നിന്ന് ഈ സഹായത്തിനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രപേർക്ക് സഹായധനം വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.